# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.ടിഎസ്.ആർ (പി15)100/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയതി: 07/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ടി.എസ്/ആർ (പി.ടി5)100/2026 തീയതി: 07/03/2026

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-08-2024 മുതൽ 21-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അതുകൂടാതെ, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-01-2026 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2026 | 30-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2026 | 30-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജോഷി സി.ജെ., ഓഡിറ്റ് ഓഫീസർ

ശ്രീമതി. സോന കെ സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. നിഷ കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധനീഷ് കെ.എസ്. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| എം.എഫ്. ജോസ് | സെക്രട്ടറി | 01-04-2024 | 02-01-2025 |
| ബിന്ദു. കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. ജയ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 10-09-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2024 | 19-09-2024 |
| ബിന്ദു. കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 20-09-2024 | 31-03-2025 |
| ലൈഷ. ഇ. അശോകൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. രാജേഷ് . കെ.യു | മെഡിക്കൽ ഓഫീസർ (എഫ്. എച്ച് .സി. വേളൂക്കര) | 01-04-2024 | 31-03-2025 |
| ഡോ. ജിഷ്ണു . വി പി | ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, വേളൂക്കര | 01-04-2024 | 14-04-2024 |
| ഡോ. ഹൈദരലി.പി | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, വേളൂക്കര | 15-04-2024 | 31-03-2025 |
| ഡോ. നീലിമ . കെ.എൻ | സീനിയർ മെഡിക്കൽ ഓഫീസർ , ഗവ.ആയുർവേദ ഡിസ്പെൻസറി, വേളൂക്കര | 01-04-2024 | 18-01-2025 |
| ഡോ. സോമസുന്ദരൻ പി.കെ | സീനിയർ മെഡിക്കൽ ഓഫീസർ , ഗവ.ആയുർവേദ ഡിസ്പെൻസറി, വേളൂക്കര (അഡീഷണൽ ചാർജ്ജ് | 19-01-2025 | 19-03-2025 |
| ഡോ. ഷിനി. കെ.എം | സീനിയർ മെഡിക്കൽ ഓഫീസർ , | 20-03-2025 | 31-03-2025 |

| | | | |
|---|---|---|---|
| | ഗവ.ആയുർവേദ ഡിസ്പെൻസറി, വേളൂക്കര | | |
| ഡോ.സോഫിയ സേവ്യർ | വെറ്റിനറി സർജൻ, വേളൂക്കര | 01-04-2024 | 31-03-2025 |
| സലീഷ് സി.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വേളൂക്കര (നടവരമ്പ് സർക്കിൾ) | 01-04-2024 | 31-03-2025 |
| ബിബിത . പി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വേളൂക്കര (കൊറ്റനെല്ലൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| രജിക. എം എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ, വേളൂക്കര | 01-04-2024 | 31-03-2025 |
| തോമസ് പി.ഒ | കൃഷി ഓഫീസർ , വേളൂക്കര | 01-04-2024 | 31-03-2025 |
| ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ, വേളൂക്കര | 01-04-2024 | 31-03-2025 |
| ബിന്ദു. സി | ഹെഡ്മിസ്ട്രസ്. ജി യു.പി സ്കൂൾ, കടുപ്പശ്ശേരി | 01-04-2024 | 31-03-2025 |
| നീരജ ബാബു. കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകതകൾ | 1-1-5 |
| 7 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-6 |
| 8 | ഡി.സി.ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ-ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-8 |
| 10 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 1-1-9 |
| 11 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-9 |
| 20 | ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-10 |
| 21 | ട്രേഡേഴ്സ് തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കേണ്ടതാണ് | 1-11 |
| 22 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാത്തത്/പുതുക്കാത്തത് സംബന്ധിച്ച് | 1-12 |
| 23 | ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കൈമാറിയില്ല | 1-13 |
| 24 | ക്രമവത്കരണ ഫയലുകളിൽമേലുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 25 | എസ് ടി വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ്- അധികം നൽകിയ 15,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-15 |

| | | |
|---|---|---|
| 26 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാർ കാലാവധി കഴിഞ്ഞും കരാറുകാരന് തുക നൽകി | 1-16 |
| 27 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കംപ്യൂട്ടർ പ്രിന്റർ വാങ്ങൽ- തുക മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നൽകി | 1-17 |
| 28 | ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം - വിതരണ വിവരം ഉറപ്പാക്കാതെ തുക നൽകി | 1-18 |
| 29 | ഐ.സി.ഡി.എസ്. പദ്ധതി ഇനത്തിൽ ലഭിച്ച കേന്ദ്രവിഹിതം ചെലവഴിച്ചില്ല | 1-19 |
| 30 | ഹൗസ്ഹോൾഡ് ബയോബിൻ വിതരണം-സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള തുടർനടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-20 |
| 31 | ലൈഫ് ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 32 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-22 |
| 33 | വാഹനത്തിന്റെ ഉപയോഗം- പോരായ്മകൾ | 1-23 |
| 34 | നഗര സഞ്ചയ പ്രൊജക്ട്- കൃഷിഭവൻ കുളം സംരക്ഷണം- പ്രവൃത്തി പൂർത്തീകരണ കാലാവധി പിന്നിട്ട് വർഷങ്ങൾക്കു ശേഷവും പദ്ധതി പൂർത്തിയാക്കിയില്ല | 1-24 |
| 35 | മരാമത്ത് ബിൽ - മെഷർമെന്റ് രേഖപ്പെടുത്തിയതിലെ അപാകത | 1-25 |
| 36 | മരാമത്ത് ബിൽ - കരാറുകാരന് അർഹമായ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു കരാറുകാരന് അധികം നൽകിയ 43,770 രൂപ നിരാകരിക്കുന്നു | 1-26 |
| 37 | ഹെൽത്ത് ഗ്രാന്റ്- അവലോകനം | 1-27 |
| 38 | ജലജീവൻ മിഷൻ - അവലോകനം | 1-28 |


ഭാഗം 2

— No Records Found —

ഭാഗം 3


| | | |
|---|---|---|
| 1 | എസ് ടി വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ്- അധികം നൽകിയ 15,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| 2 | മരാമത്ത് ബിൽ - കരാറുകാരന് അർഹമായ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു കരാറുകാരന് അധികം നൽകിയ 43,770 രൂപ നിരാകരിക്കുന്നു | 3-2 |


ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ വകുപ്പ് 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ഖണ്ഡിക 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ച് വേളൂക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.07.2025 ലെ 1(3)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 23.07.2025 തീയതിയിൽ, പിന്തുണക്കുന്ന രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളുൾക്കൊണ്ട അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലങ്ങളെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :07.03.26**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

**മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി**

താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ

വസ്തു ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ഫണ്ടിനം | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 1 | 246/25 PURCHASE CHARGE OF COMPUTER AND PRINTER TO PANCHAYAT OFFICE | **42400448** /02.08.2024 | 136,198 | തനത് ഫണ്ട് | 230800099 Other Operating & Maintenance Expenses |
| 2 | 133 Ward 6 Purchase Of Play Equipment For Childrens Park | **42400910** /06.03.2025 | 60,000 | വികസന ഫണ്ട് ജനറൽ | 25001208 Arts, Culture And Sports Development, Youth Welfare - Infrastructure - Children's Park |

(ഓഡിറ്റ് എൻക്വയറി നം.9/ തീയതി 29.01.2026)

## <u>1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല</u>

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 - പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4 - ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് | തുക |
| | 320200104& 320200113 | CFC Basic & Tied | 79,97,859 | 450240111 | ICICI CFC (021701002238) | 82,33,667 |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## <u>1-1-3 കാഷ് ഫ്ലോ പത്രികയിലെ നീക്കിയിരിപ്പ് തുക ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല</u>

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 24,10,362 രൂപയാണ്. എന്നാൽ ഇതേ പട്ടികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് - 35,04,934 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

**1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പട്ടികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിലേയുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഐ.എഫ്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

**1-1-5 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകതകൾ**

എ) 2024-25 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കളക്ട് ചെയ്തത്/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, സർട്ടിഫിക്കറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരേ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നം./ തീയതി | ഒറ്റത്തവണയായി വാർഷികമായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42402076 /31.03.2025 | 4,241,015 |
| 110100102-Property Tax On Non Residential Buiding | 42402075 /31.03.2025 | 2,932,526 |
| 140110101-Licence Fees For Factories, Traders, Entepreneurs And Other Services | 42402067/31.03.2025 | 333,000 |
| 110200105-Profession Tax- Traders | 42402066/31.03.2025 | 401,990 |
| 110200106-Profession Tax-Institutions | 42402065/31.03.2025 | 55,000 |
| 130100101-Rent From Building | 42402068/31.03.2025 | 283,004 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉന്നയിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കളക്ട് ചെയ്തത്/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ബി) **ലേലം ശരിയായ വാടക ശീർഷകത്തിൽ രേഖപ്പെടുത്തിയില്ല**

ലേലം കൊള്ളുന്ന സമയത്ത് അടവാക്കിയ നിരതദ്രവ്യം, മുതൽ ലേലത്തുകയും അടയ്ക്കുമ്പോൾ തിരികെ നൽകാവുന്നതാണ്. എന്നാൽ നിരതദ്രവ്യം കിഴിച്ച് ബാക്കി തുക അടയ്ക്കുന്ന സാഹചര്യങ്ങളിൽ നിരതദ്രവ്യം, വാടക ശീർഷകത്തിലേക്ക് വരവായി രേഖപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ ലഭിച്ച ബാദ്ധ്യതാ ശീർഷകത്തിൽ രേഖപ്പെടുത്തിയ നിരത ദ്രവ്യം, വാടക ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിവരണം | തുക | ട്രഷറി ഒടുക്കിയതിന്റെ | | |
|---|---|---|---|---|
| | | രസീത് നമ്പർ | തുക | ശീർഷകം |
| വാർഡ് 3 അങ്കണവാടി സമീപ മരത്തിന്റെ ചില്ല മുറിച്ച് മാറ്റിയത് | 4,100 | 1240104019/ 13.01.2025 | 1300 | 340200102 \| Auction Deposit |

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## H-6 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2025 തീയതിയിലെ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസും യഥാർത്ഥ പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് | പാസ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|
| SBI Covid Donation (40199919620) | 8825 | 0 |

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## H-7 ഡി.സി.ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും തൊഴിൽ നികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1 വസ്തുനികുതി

1.1 റസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ഇളവ് ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4241015 | 4153320 | 9754 | 9111 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4241015 | 4140164 | 1785 | 9153 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക | ( 350410101- Advance Collection- PT On Res. | *( /105X100)+ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | ഷെഡ്യൂൾ ആർ.പി-45) | Bldg-ന്റെ ബാലൻസ്) | |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ഇളവ് ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2932526 | 2865763 | 16969 | 65469 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2932526 | 2850090 | 24538 | 65481 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ബാലൻസ്) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2 കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 61344 | 40457 | 20937 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 61052 | 40457 | 20946 |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 281568 | 274784 | 6791 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 280816 | 274784 | 6793 |

3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഇനത്തിൽ ചേർത്തിരിക്കുന്ന തുകകളും(LC ഉൾപ്പെടുന്ന തുക) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ ( LC ഉൾപ്പെടുന്ന തുകയാണിത്) | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 15888 | 450553 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 16432 | 82124 |

4 **<u>രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.</u>**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേക രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വരുമാനം | മുൻകൂർ ശീർഷകം | 31.03.2025-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 4,23510 |
| 2 | ലൈസൻസ് ഫീ | 350410301 Advance Collection Of Revenues - License Fees For Factories, Traders, Enterprenuers And Other Services | 2,23,600 |

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## 1-1-8 ആസ്തി രജിസ്റ്റർ-ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## 1-1-9 മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

**എ) ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈകാര്യത്തിനായി സൂക്ഷിക്കുന്ന എല്ലാ സബ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേ അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേ അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

**ബി) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പ്രകാരം വിവിധ ഇനങ്ങൾ സ്റ്റോക്കിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കി രേഖപ്പെടുത്താൻ സാധിക്കുന്നില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം 58,4(എ))

സി) **അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.**

| ഇനം | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 320800101 Beneficiary Contributions | വാർഷിക കണക്ക് പ്രകാരം | 1,22,605 | 5,85,120 | 85,355 | 6,22,370 |
| | രജിസ്റ്റർ പ്രകാരം | 1,22,605 | 5,85,120 | 5,85,355 | 1,22,370 |

ഡി) **രജിസ്റ്ററുകൾ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.**

അഡ്വാൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പൂർണ്ണമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/29.01.2026)

## 1-1-10 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ കാലാവധി കഴിഞ്ഞ ചുവടെ പറയുന്ന ഇനങ്ങളിലെ ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ഡെപ്പോസിറ്റിന്റെ തരം | തീയതി | 31.03.2025 ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 1 | 340100301 | Election Deposit | 12.11.2020 മുതൽ | 3750 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 09.02.2024 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുന്നിരിപ്പ് ഉൾപ്പെടെ വരവ് | ചെലവ് |
| | 33,26,89,573 | 32,62,97,800 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി കമ്മിറ്റി തീരുമാനം | 18.03.2025, 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 41,80,70,046 | 39,68,68,198 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്**/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,99,07,000 | 1,99,07,000 | 1,98,78,455 | 28,545* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,25,50,000 | 1,25,50,000 | 1,25,50,000 | ഇല്ല* |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1,32,000 | 1,32,000 | 1,27,499 | 4,501* |
| മെയിന്റനൻസ്-റോഡ് | 0 | 4,13,31,000 | 4,13,31,000 | 2,78,91,015 | 1,34,39,985* |

| പദ്ധതിനാമം | | ഓ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്**/ ലാപ്സായ തുക* |
|---|---|---|---|---|---|---|
| മെയിന്റനൻസ്-നോൺറോഡ് | | 0 | 71,12,000 | 71,12,000 | 49,46,056 | 21,65,944* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 34,92,346 | 73,26,000 | 1,08,18,346 | 48,32,716 | 59,85,630* |
| | ട്രഷറി | 0 | 3,75,802 | 3,75,802 | 1,87,901 | 1,87,901* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) | ബാങ്ക് | 15,40,976 | 37,01,102 (പലിശ 3,46,779 ഉൾപ്പെടെ) | 52,42,078 | 32,29,849 | 20,12,229** |
| | ട്രഷറി | 0 | 3,676 | 3,676 | 0 | 3,676* |
| Ardram Award | | 5,00,000 | 0 | 5,00,000 | 0 | 5,00,000 |
| Integrated Child Development Service | | 1173 | 0 | 1173 | 0 | 1173 |
| MGNREGS | | 1,555 | 14,90,506 | 14,92,061 | 14,05,191 | 86,870 |
| Rural Housing-Housing For All | | 7,90,000 | 10,00,000 | 17,90,000 | 17,10,000 | 80,000 |
| Total Sanitation Scheme | | 11,00,000 | 0 | 11,00,000 | 7,68,195 | 3,31,805 |
| Vimukthi | | 32,883 | 0 | 32,883 | 0 | 32,883 |
| Integrated Child Development Scheme | | 5,61,709 | 17,15,868 | 22,77,577 | 9,26,094 | 13,51,483 |
| Literacy Scheme Grant | | 23,690 | 0 | 23,690 | 0 | 23,690 |
| Health Grant-Conversion Of PHCs And Wellness Centres | | 3,01,334 | 16,92,040 | 19,93,374 | 13,26,086 | 6,67,288 |
| Health Grant-Diagnostic Infrastructure | | 10,05,653 | 4,44,396 | 14,50,049 | 6,68,615 | 7,81,434 |
| Development Of Scheduled Tribes | | 38,210 | 0 | 38,210 | 0 | 38,210 |
| Total Sanitation | | 8,53,821 | 0 | 8,53,821 | 7,75,514 | 78,307 |
| Other Gov Agencies Ayurvedam | | 4,50,000 | 0 | 4,50,000 | 4,09,221 | 40,779 |
| Joint Venture-District Panchayat | | 0 | 13,334 | 13,334 | 0 | 13,334 |

| ഫണ്ടിനം | ഓ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്**/ ലാപ്സായ തുക* |
|---|---|---|---|---|---|
| Pandemic & Epidemic Control | 8,825 | 0 | 8,825 | 0 | 8,825 |

കുറിപ്പ് – 1 ) സർക്കാരിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നിവയിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എന്നിവയ്ക്കായി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.
2) സി.എഫ്.സി ബേസിക്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## I-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 276 | 27,06,65,295 | 130 | 10,86,72,500 | 40.15% | 47.10% |

## I-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,555.28 | 14,90,506 | 14,92,061.28 | 14,05,191 | 86870.28 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,47,60,466 | 1,47,60,466 | 1,47,60,466 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 47,07,056 | 47,07,056 | 47,07,056 | 0 |
| ആകെ | 1555.28 | 2,09,58,028 | 2,09,59,583.28 | 2,08,72,713 | 86,870.28 |

## I-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 36,20,400 | 207 |
| വിധവാ പെൻഷൻ | 1,56,94,800 | 1041 |
| വാർദ്ധക്യകാല പെൻഷൻ | 4,66,60,300 | 3235 |
| വികലാംഗപെൻഷൻ | 43,15,000 | 276 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17,59,400 | 110 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## I-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2026 തീയതിയിൽ 03:00 PM ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39,451 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, ചട്ടം 4, 7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും, 2024-25 വർഷം തൊഴിൽ നികുതി അടച്ചിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| കള്ള് ഷാപ്പുകൾ |
|---|
| A. തുമ്പൂർ |
| B. തൊമ്മാന |
| C. അവിട്ടത്തൂർ |

പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2024 – 25 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള/പുതുക്കിയിട്ടുള്ള താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ FATEOS ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ നം | സ്ഥാപന ഉടമയുടെ പേര് (ലൈസൻസി) |
|---|---|---|---|
| 1 | ന്യൂ ലൈഫ് ഹോമിയോപ്പതിക് ക്ലിനിക് | 16/24 | ഡോ. പി. രാധാകൃഷ്ണൻ പാറയിൽ,കൊറ്റനല്ലൂർ |
| 2 | ഡോ മാത്യൂസ് ക്ലിനിക്, പട്ടേപ്പാടം | 17/24 | ഡോ മാത്യൂസ് സേവ്യർ, കൊറ്റനല്ലൂർ |
| 3 | ഹോമിയോ കെയർ ഹോമിയോ ക്ലിനിക് അവിട്ടത്തൂർ | 20/24 | മെർസി മനോജ് ആലുവ |
| 4 | സൗപർണ്ണിക ആയുർവേദ ആശുപത്രി | 1/25 | കൊച്ചുമോൻ വിജയ കല്ലുപാലത്തിങ്കൽ കൊറ്റനല്ലൂർ |

(ഓഡിറ്റ് എൻക്വയറി നം. 21 / തീയതി 30.01.2026)

### 1.10 ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ ഏതെങ്കിലും ഭാഗത്തിനോ 01.04.2023 മുതൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഓരോ വർഷവും നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവും സ.ഉ.(അച്ചടി) നമ്പർ 25/2023/LSGD തീയതി 05.04.2023 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ടർഫുകൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഓൺലൈൻ സെർച്ചിൽ പഞ്ചായത്ത് പരിധിയിൽ Theatre Of Dreams എന്ന ടർഫ് പ്രവർത്തിക്കുന്നതായി കണ്ടു.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ടർഫുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ലാത്തതാണ്. മുകളിൽ ചേർത്തിരിക്കുന്ന ടർഫിന് സ.ഉ.(അച്ചടി) നം.25/2023/LSGD/തി.05.04.2023 ഉത്തരവ് പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. ടർഫ് നിലവിൽ പ്രവർത്തിക്കുന്നുവെങ്കിൽ, മേൽ ഉത്തരവ് പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായിട്ടുള്ള മറ്റു ടർഫുകളുടെ വിവരം കണ്ടെത്തേണ്ടതും ലൈസൻസ്, വസ്തു നികുതി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/ തീയതി 30.01.2026)

### 1.11 ട്രേഡ് തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിലെ സ.ഉ.(സാധാ.)നമ്പർ 849/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു.

നിലവിൽ ട്രേഡ് തൊഴിൽ നികുതി ലൈസൻസ് എടുക്കുന്ന/ പുതുക്കുന്ന വേളയിൽ ഈടാക്കുകയും ആയത് ലൈസൻസ് രജിസ്റ്ററിൽ ചേർക്കുകയുമാണ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 522 വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം ലൈസൻസ് എടുക്കുന്ന വേളയിൽ തൊഴിൽ നികുതി മുൻകൂറായി ഈടാക്കുകയും ലൈസൻസ് രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള നികുതി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 14/ തീയതി 30.01.2026)

### 1.12 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാത്തത്/പുതുക്കാത്തത് സംബന്ധിച്ച്

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) (ചട്ടങ്ങൾ) ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷനായി ബന്ധപ്പെട്ട രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ ഇവയിലെ പരിശോധിച്ചത് പ്രകാരം 2024-25 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടവാക്കിയ രശീതി നം. | |
|---|---|---|---|---|
| 1. | RYN എന്റർപ്രൈസ് Ltd (പ്രശാന്തി ക്ലിനിക്) | 2 | 1240104366/ 30.01.25 | 1240105286/28.02.25 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | രസീത് നികുതി അടവാക്കിയ രസീതി നം. | |
|---|---|---|---|---|
| 2. | റിലയൻസ് ഡെയ്ലി ലൈബ്രറി | 5 | 1240105427/ 27.02.2 | 1240105427/ 27.02.2 |
| 3. | സാംക്രമിക ആയുർവേദ | 3 | 1240102185/30.09.24 | 1240104574/12.02.2025 |

(ഓഡിറ്റ് എൻക്വയറി നം.24/30.01.2026)

## I-13 ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കൈമാറിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി സൂക്ഷിക്കുന്ന കറന്റ് ബാങ്ക് അക്കൗണ്ടിൽ വലിയൊരു തുക നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 28.11.2025 ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ്. ബി. ഐ, ഇരിങ്ങാലക്കുട ബ്രാഞ്ച് | 37783066568 | 3,79,477.05 |

ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം. 25/30.01.2026)

## I-14 ക്രമവത്കരണ ഫയലുകളിൻമേലുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നുള്ള പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരിക്കുന്നതിന് / കെട്ടിട നമ്പർ അനുവദിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും സാങ്കേതിക കാരണങ്ങൾ ചൂണ്ടികാണിച്ച് കത്ത് നൽകിയിട്ടുള്ളതുമായ ഫയലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 2388/24 | പാരിഷ് ഹാൾ | 483.86 |
| 2 | 3120/24 | വ്യവസായികം | 84.82 |
| 3 | 3838/24 | വാണിജ്യം | 741.90 |
| 4 | 4131/24 | വിദ്യാഭ്യാസം | 692.69 |
| 5 | 4951/24 | ഹാൾ | 476.56 |
| 6 | 3827/24 | പാർപ്പിടം | 146.41 |
| 7 | 6489/24 | | 219.42 |
| 8 | 474/25 | | 233.34 |
| 9 | 763/25 | ഓഫീസ് | 107.85 |

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനിയുണ്ടാകാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ മൂന്നിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

ആയതിനാൽ മേൽ പട്ടികയിലെ കെട്ടിടങ്ങൾ സമയബന്ധിതമായി ക്രമവത്കരിക്കുകയോ അല്ലെങ്കിൽ കെട്ടിടത്തിന് യു.എ നമ്പർ അനുവദിച്ച് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച തീയതി അല്ലെങ്കിൽ വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതൽ കെട്ടിടം നിയമാനുസൃതമായി നിർണ്ണയിക്കപ്പെടുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതിയായി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 11/ തീയതി 29.01.2026)

**<u>I-15 എസ് സി വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ്- അധികം നൽകിയ 15,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു</u>**

പ്രോജക്ട് നമ്പർ- 126/25 , മെറിറ്റോറിയസ് സ്കോളർഷിപ്പ് എസ്.സി

ഘടകം- ഗ്രാമപഞ്ചായത്ത്

പദ്ധതി അടങ്കൽ- 30,000

പദ്ധതി ചെലവ്- 30,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വൗച്ചർ നമ്പർ- 42401963/20.03.2025

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് പഠിക്കുന്ന ദിവ്യ പി.ബി എന്ന വിദ്യാർത്ഥിക്ക് മേൽ പ്രോജക്ടിൽ നിന്നും 30,000/- രൂപ നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.15/2022/തസ്വഭവ തീയതി.20.05.2022 ഖണ്ഡിക 7.2.4 അനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികൾക്കാണ് 30,000 രൂപക്ക് അർഹതയുള്ളത്. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് 15,000 രൂപക്കാണ് അർഹതയുള്ളത്. അധികം തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം-3/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>I-16 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാർ കാലാവധി കഴിഞ്ഞും കരാറുകാരന് തുക നൽകി</u>**

പ്രോജക്ട് നമ്പർ- 122/25 , സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എ.എം.സി

ഘടകം- സി.എഫ്.സി

പദ്ധതി അടങ്കൽ- 12,00,000

പദ്ധതി ചെലവ്- 11,06,017

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

2024-25 വർഷത്തെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഗ്രാമപഞ്ചായത്ത് 7.06.2024 തീയതിയിൽ [illegible] എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്കാണ്. മേൽ പ്രോജക്ടിൽ നിന്നും 3/2024 മുതൽ 6.06.2024 വരെയുള്ള സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന്റെ തുകയായി 89,040 രൂപ (വൗച്ചർ നമ്പർ- 4240859/26.12.24) വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിൽ നിന്നും കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന്റെ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ഇതേ കരാറുകാരൻ തന്നെയാണ്. 2023-24 വർഷത്തെ കരാർ കാലാവധി 31.03.2024 ന് അവസാനിച്ചിട്ടുള്ളതാണ്. തുടർന്നും കരാറുകാരനെ ചുമതലപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 3/2024 മുതൽ 6.06.2024 വരെയുള്ള ബില്ലിൽ ' റിപ്പയർ ' ചാർജിന് തുക നൽകിയിട്ടുള്ളത് മേൽ പറഞ്ഞ രണ്ട് കരാർ പ്രകാരമുള്ള തുകയല്ല.

മേൽ പ്രോജക്ടിൽ കരാറിലേർപ്പെട്ടപ്പോൾ നിയമ പ്രകാരമുള്ള മുദ്രവില കരാറുകളിൽ ചുമത്തിയതായി കാണുന്നില്ല. 2018-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1959ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തുകയും 5 (f) എന്ന വ്യവസ്ഥ കൂട്ടി ചേർത്തതു പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ്

ലൈസൻസ് എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% മുദ്രവില പതിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിയമപ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കേണ്ട 1200 രൂപയ്ക്ക് പകരം 200 രൂപ വിലയുള്ള മുദ്രപത്രത്തിലാണ് കരാറിലേർപ്പെട്ടിട്ടുള്ളത്.

1996ലെ കേരള പഞ്ചായത്ത് രാജ് (കരാർ ചട്ടങ്ങൾ) ചട്ടം 3 (V) പ്രകാരം ഗ്രാമപഞ്ചായത്തുകൾ കരാറിലേർപ്പെടുമ്പോൾ 1959ലെ മുദ്ര പത്ര നിയമം ബാധകമായതിനാൽ ടി പ്രകാരമുള്ള ഷെഡ്യൂൾ പ്രകാരം മുദ്രവില പ്രയോഗിക്കേണ്ടതാണ്. 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ നിലവിലെ വ്യവസ്ഥകളും നിലവിലെ സർക്കാർ ഉത്തരവുകളും പാലിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കേണ്ടതാണെന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി അപര്യാപ്തമായി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി ഉചിതമായ ശീർഷകത്തിൽ ഒടുക്കു വരുത്തുന്നതിന് ധനകാര്യ (ഇൻസ്പെക്ഷൻ & പബ്ലിക് വർക്ക്) വകുപ്പിന്റെ 5.03.2025ലെ 18/2025/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് . അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം-6/28.01.2026) . സർക്കാർ നിർദ്ദേശപ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

വിവരങ്ങൾ ഹാജരാക്കുന്നതുവരെ കരാർ കാലാവധി കഴിഞ്ഞ് നൽകിയ 89,040 രൂപ തടസ്സപ്പെടുത്തുന്നു.

**I-17 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ- തുക മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നൽകി**

പ്രോജക്ട് നമ്പർ- 246/25 , വെച്ചൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ

ഫണ്ടിനം- തനത് ഫണ്ട്

പദ്ധതി അടങ്കൽ- 1,36,200

പദ്ധതി ചെലവ്- 1,36,198

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

വൗച്ചർ നമ്പർ- 42400448/2.08.2024

ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരമുള്ള സ്ഥാപനങ്ങളുടെ Gem മുഖേനയുള്ള ക്വട്ടേഷനുകളാണ് അംഗീകരിച്ചിട്ടുള്ളത്.

| ഇനം | സ്ഥാപനം | തുക |
|---|---|---|
| Canon Printer | RJ Enterprises, Kottayam | 18,200 |
| Desktop Computer Acer I3 | Sunbeam, Kottayam | 1,17,998 |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ടാക്സ് ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ( RJE00838/24-25 Dtd.29.07.24, SUN00168/24-25 Dtd.29.07.24) പ്രോജക്ട് പ്രകാരം 1,36,198 രൂപ നൽകിയിട്ടുള്ളത് RJ Enterprises എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്കാണ്. കമ്പ്യൂട്ടറിന്റെ വിലയായ 1,17,998 രൂപ Sunbeam എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം-4/27.01.26). തെറ്റായി തുക നൽകിയതിന് മറുപടി നൽകേണ്ടതാണ്.

**I-18 ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം - വിതരണ വിവരം ഉറപ്പാക്കാതെ തുക നൽകി**

പ്രോജക്ട് നമ്പർ- 72/25 , ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം

ഫണ്ടിനം- തനത് ഫണ്ട്

പദ്ധതി അടങ്കൽ- 11,22,000

പദ്ധതി ചെലവ്- 10,42,800

വൗച്ചർ നമ്പർ- 22400595/19.08.24 (തുക- 9,08,082) , 42400497/23.08.24 (തുക- 1,24,290 + 10,428)

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതിനായി ടെണ്ടർ നടത്തി ഒരു ലിറ്ററിന് 55 പൈസ നിരക്ക് ക്വോട്ട് ചെയ്ത എ.വി സാദിക്കൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും 02.04.2024 ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തിയതിന് മേൽ വൗച്ചർ പ്രകാരം 9,08,082 കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ എത്ര ലിറ്റർ കുടിവെള്ളം വിതരണം നടത്തിയെന്ന് ഉറപ്പാക്കിയ രേഖകൾ ഫയലിൽ ഇല്ല. വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ വിതരണ വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ ബില്ലിൽ നിന്നും 1,24,290 രൂപ Penalty ആയി സെക്യൂരിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

ജിപിഎസ് റിപ്പോർട്ട് പ്രകാരം 15.03.2024 മുതൽ കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത് 02.04.2024 നാണ്. കരാർ നിബന്ധന 9 പ്രകാരം കുടിവെള്ളം കുടിക്കാൻ യോഗ്യമെന്ന് ലാബ് അതോറിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുടെ 22.04.2024 ലെ ടെസ്റ്റ് റിപ്പോർട്ടിൽ വാട്ടർ ക്വാളിറ്റി ടെസ്റ്റ് ചെയ്തിട്ടുള്ളത് 18.04.2024 നാണ്. എന്നാൽ 15.03.2024 മുതൽ കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ സ.ഉ (സാധാ) 405/2024/തസ്വഭവ തി.19.02.24 ഉത്തരവിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. വിതരണം തുടങ്ങി മാസങ്ങൾ കഴിഞ്ഞാണ് ഗുണനിലവാരം ഉറപ്പാക്കിയത്.

കുടിവെള്ളം വിവിധ ദിവസങ്ങളിലായി വിതരണം ചെയ്തു എന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം- 7/28.01.2026). കുടിവെള്ളം വിതരണം നടത്തിയതിന്റെ രേഖകൾ ഉറപ്പാക്കാതെ തുക അനുവദിച്ചതിനാൽ ഇതിനായി പ്രോജക്ടിൽ നിന്നും ചെലവഴിച്ച 10,42,800 രൂപ തടസ്സപ്പെടുത്തുന്നു.

## I-19 ഐ.സി.ഡി.എസ്. പദ്ധതി ഇനത്തിൽ ലഭിച്ച കേന്ദ്രവിഹിതം ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അനുപൂരകപോഷകാഹാര പരിപാടിയുടെ ഭാഗമായി കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25 വർഷത്തിൽ 13,51,483 രൂപ ബാലൻസ് ഷീറ്റിൽ (ഹെഡ്കോഡ് 320100196) നീക്കിയിരിപ്പുണ്ട്.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ലായെങ്കിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് General Finance Rules 2017 Rule 230 (8) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിയുപകരണങ്ങൾ, പാത്രങ്ങൾ/സാമഗ്രികൾ മുതലായവ വാങ്ങുന്നതിനായി വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

SNP പദ്ധതിയുടെ കേന്ദ്രവിഹിതമായി ലഭിക്കുന്ന 60% തുക യഥാസമയം ചെലവഴിക്കാത്തതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായി കാണുന്നത്. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടി വന്നേക്കാം എന്നതിനാൽ യഥാസമയം തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## I-20 ഹൗസ്ഹോൾഡ് ബയോബിൻ വിതരണം-സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ- 247/24, പോർട്ടബിൾ ഹൗസ് ഹോൾഡ് ബയോബിൻ യൂണിറ്റ്

അടങ്കൽ - 10,45,000 (സി.എഫ്.സി), 1,16,200 (ഗുണഭോക്തൃ വിഹിതം ), 800(തനത് ഫണ്ട്)

ചെലവ് - 8,51,200 (സി.എഫ്.സി),

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കൊരമ്പൂർ സർക്കിൾ)

ഗാർഹിക മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 28-05-2022 തീയതിയിലെ സ.ഉ.(കൈ) നം. 85/2022/LSGD, 04.01.2024 തീയതിയിലെ സ.ഉ(സാധാ)34/2024 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 90% തദ്ദേശ സ്ഥാപന വിഹിതവും 10% ഗുണഭോക്തൃവിഹിതവും ആയി ഗുണഭോക്താക്കൾക്ക് ഓർഗാനിക് ബയോ കമ്പോസ്റ്റ് ബിൻ വാങ്ങി വിതരണം ചെയ്യുന്നതാണ് മേൽ പ്രോജക്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അടങ്കലിന്റെ 90% തുകയായ 10,45,800 രൂപ തദ്ദേശ സ്ഥാപന വിഹിതവും അടങ്കലിന്റെ 10% തുകയായ 116200 രൂപയും പ്രോജക്ടിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ജെം പോർട്ടൽ വഴി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഒരു യൂണിറ്റിന് 2,800 രൂപ നിരക്കിൽ 8,51,200 രൂപ (ഇൻവോയ്സ് നമ്പർ AMB/36824-25, തീയതി. 18.03.2025) ചെലവഴിച്ച് 304 ബയോബിൻ വിതരണം ചെയ്തിട്ടുണ്ട്. 04.01.2024 തീയതിയിലെ സ.ഉ(സാധാ)34/2024 ഖണ്ഡിക 2.2 പ്രകാരം വിതരണം ചെയ്യു ഏജൻസികൾ തന്നെ തുടർപ്രവർത്തനങ്ങൾ വഹിക്കണമെന്ന പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിർവ്വഹണം പൂർത്തീകരിച്ചാൽ നിർവ്വഹണ ഏജൻസിക്ക് (ഇൻസ്റ്റലേഷൻ, ജിയോടാഗിങ്) പദ്ധതി തുക നൽകാവുന്നതാണ്. എന്നാൽ 304 ഗുണഭോക്താക്കളിൽ നിന്ന് 280 രൂപ പ്രകാരം 85,120 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് ഒഴിവാക്കിയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളത്. 04.01.2024തീയതിയിലെ സ.ഉ(സാധാ) 34/2024 പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച രേഖകൾ ഹാജരാക്കിയില്ല.

1) 3 വർഷ വാറണ്ടി സർട്ടിഫിക്കറ്റ്

2) മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം ആദ്യത്തെ മാസം ആഴ്ചയിൽ ഒരിക്കലും, രണ്ടാമത്തെ മാസം രണ്ട് ആഴ്ചയിൽ ഒരിക്കലും, മൂന്നാമത്തെ മാസം മുതൽ മാസത്തിലൊരിക്കലും നിരീക്ഷിച്ച് വിലയിരുത്തിയ ഏജൻസിയിൽ നിന്നുള്ള റിപ്പോർട്ട്

3)പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ബിന്നുകൾ പോളി പ്രൊപ്പിലിൻ കോപ്രൊപ്പിലിൻ/വെർജിൻ പ്ലാസ്റ്റിക് കൊണ്ടാണെന്നുള്ളത്

4) മൂന്ന് മാസത്തിനകം ക്വാളിറ്റി ടെസ്റ്റ് (CIPET KOCHI) നടത്തിയ റിപ്പോർട്ട്

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 22, തീയതി.30.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും പ്രോജക്ട് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 85,120 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് അടവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല.

1. വി.ഇ.ഒ, കൊറ്റനല്ലൂർ (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ) പ്രോജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|
| 4,00,000/- | 3,00,000/- | 29.01.2025 | തങ്കമണി സജീവൻ, തനയാട്ടിൽ |
| 4,00,000/- | 3,00,000/- | 23.07.2024 | ഹരിദാസൻ, കനാങ്കപറമ്പിൽ |
| 4,00,000/- | 2,00,000/- | 22.10.2025 | ബിജേഷ്, പാലാപറമ്പിൽ |

2. വി.ഇ.ഒ, നടവരമ്പ് സർക്കിൾ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ് സി) പ്രോജക്ടിൽ ധനസഹായം കൈപ്പറ്റിയ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താവ് നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|
| 4,00,000/- | 3,00,000 | 31.05.2022 | വിനീത വി.പി., ചെമ്പനിയോടൻ |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 23/ 30.01.2026)

## I-22 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18, മുൻകൂർ രജിസ്റ്റർ എന്നിവ പ്രകാരം 2024-25 കാലയളവിൽ താഴെപ്പറയുന്ന തുകകൾ ക്രമീകരിച്ചതായി കാണുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ മുൻവർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുൻകൂർ നൽകിയതിന്റെയും ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

| ശീർഷകം | 1.04.2024 ലെ മുന്നിരിപ്പ് | 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|
| 460500501 – Advance To Implementing Officers | 5,17,538 | 7,81,038 |
| 460509901- Advance To Others | 2,500 | 14,86,320 |

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 99, ജി.ഒ(പി)നം.419/11/ഫിൻ തീയതി തിരുവനന്തപുരം 04.10.2011 നമ്പർ ഉത്തരവ് എന്നിവ പ്രകാരം മുൻകൂർ തുകകൾ നൽകിയ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്.

## I-23 വാഹനത്തിന്റെ ഉപയോഗം- പോരായ്മകൾ

വേളൂക്കര ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-45-P-1169 മഹീന്ദ്ര ബൊലേറോ എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിൽ യാത്ര നടത്തിയത് സംബന്ധിച്ച വിവരം യാത്ര നടത്തിയ ഉദ്യോഗസ്ഥനോ, കൺട്രോളിങ് ഓഫീസറോ സാക്ഷ്യപ്പെടുത്തുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) 02.08.2008 തീയതിയിലെ 41/2008/ധന നമ്പർ സർക്കുലറിൽ നിർദേശിക്കും പ്രകാരമുള്ള വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിന്റെ വാഹനങ്ങളുടെ പരിപാലനത്തിൽ 30.06.2007 തീയതിയിലെ നമ്പർ സ.ഉ.(എംഎസ്)നം.170/07/ത.സ്വ.ഭ.വ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 19/30.01.2026)

## I-24 നഗര സഞ്ചയ പ്രോജക്ട്- കൃഷിഭവൻ കുളം സംരക്ഷണം- പ്രവൃത്തി പൂർത്തീകരണ കാലാവധി പിന്നിട്ട് വർഷങ്ങൾക്ക് ശേഷവും പദ്ധതി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 231/25, (2021-22 സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 11,10,000 ( നഗര സഞ്ചയ) |
| ആകെ ചെലവ് തുക | 17,48,784 (ഫസ്റ്റ് പാർട്ട് ബിൽ) |

| | |
|---|---|
| | |
| വൗച്ചർ നം./തീയതി | 42400969/16.11.2024 |
| എഗ്രിമെന്റ് നമ്പർ | 03/AE/LSGD/VLK/21-22 തീ.01.07.2022 |
| കരാറുകാരന്റെ പേര് | ജെയിസൺ ഏലിയാസ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

[illegible] ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വർക്ക് ഓർഡർ ഏറ്റെടുത്ത 11.07.2022 മുതൽ 12 മാസക്കാലമായിരുന്നു. ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൃഷിയ്ക്ക് ജലം സംഭരിക്കുന്നതിനായി ആസൂത്രണം ചെയ്ത പ്രോജക്ടാണിത്. എസ്റ്റിമേറ്റിൽ കുളത്തിന്റെ ആഴം കൂട്ടുന്നതിനും വശങ്ങൾ കരിങ്കല്ല് കെട്ടി സംരക്ഷിക്കുന്നതിനുമുള്ള പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. ഇതിൽ സംരക്ഷണഭിത്തിയുടെ പകുതി ഉയരം വരെ പൂർത്തിയാക്കിയതിനും കുളത്തിന്റെ ആഴം വർദ്ധിപ്പിച്ചതിനുമുള്ള പ്രവൃത്തികൾക്കായുള്ള പാർട്ട് ബിൽ മേൽ സൂചന പ്രകാരം കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ കരാറുകാരന്റെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തികൾക്കായി വർക്ക് ഓർഡർ കൈമാറി മൂന്ന് വർഷം പിന്നിട്ടിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/30.01.2026)

## 1-25 മരാമത്ത് ബിൽ - മെഷർമെന്റ് രേഖപ്പെടുത്തിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം/പേര് | 189/25 എസ്. സി. സങ്കേതങ്ങളുടെ സംരക്ഷണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 26,40,289 (പ്ലാൻ-എസ് സി പി) |
| ചെലവായ തുക | 9,69,712 (സെക്കന്റ് & തേർഡ് പാർട്ട് ബിൽ(പാർട്ട് പേമെന്റ്)) |
| വൗച്ചർ നം/ തീയതി | **42401901/06.03.2025 – 4,63,498, 42401975/22.03.2025-5,06,214** |
| കരാറുകാരന്റെ പേര് | ഷാജി കെ കെ |
| എഗ്രിമെന്റ് നം/തീയതി | 37/AE/LSGD/VLK/ 23-24 തീ. 08.02.2024 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പൊതുസ്ഥലത്തോടനുബന്ധിച്ച് വശങ്ങളിൽ 90 മീറ്റർ നീളത്തിൽ എം എസ് പൈപ്പ് കൊണ്ടുള്ള ഹാന്റ് റെയിൽ നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഹാന്റ് റെയിലിന്റെ കാലുകൾ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുന്നതിനുള്ള പ്രവൃത്തിയിനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തി നിർവഹണസമയത്ത് കാലുകൾ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുന്നതിനു പകരം 12 Mm കമ്പിയുപയോഗിച്ചുള്ള ചെറിയ ബിറ്റുകൾ സംരക്ഷണഭിത്തിയുടെ കോൺക്രീറ്റ് ബെൽറ്റിൽ ഡ്രിൽ ചെയ്ത് ഉറപ്പിച്ച് അതിനോടൊപ്പം ഹാന്റ് റെയിലിന്റെ കാലുകൾ വെൽഡ് ചെയ്യുപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. 65 ഹാന്റ് റെയിൽ കാലുകൾ ഫിക്സ് ചെയ്യുന്നതിനായി ഓരോ കാലിനും 60 സെ മീ നീളത്തിലുള്ള മൂന്ന് 12 Mm കമ്പികൾ എന്ന രീതിയിൽ ആകെ 103.896 കി. ഗ്രാം കമ്പി ഉപയോഗിച്ചതായി ഇ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഇ എം ബുക്ക് ക്രമ നം. 1.003, M.G.N 1_3-2). എന്നാൽ 60 സെ മീ നീളത്തിലുള്ള കമ്പികൾ കോൺക്രീറ്റ് ബെൽറ്റിൽ ഡ്രിൽ ചെയ്ത് ഉറപ്പിക്കുന്നത് അതികഠിനമായ പ്രവർത്തിയായതിനാൽ 6 സെ.മീ നീളത്തിലുള്ള ബിറ്റുകളാണ് ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുണ്ടാകാനുള്ള സാധ്യത. ഇത് മെഷർമെന്റ് രേഖപ്പെടുത്തിയപ്പോൾ കമ്പിയുടെ നീളം 0.06 മീറ്റർ എന്ന് രേഖപ്പെടുത്തുന്നതിനു പകരം 0.6 മീറ്റർ എന്ന് രേഖപ്പെടുത്തിയതിനാലാകാം ഈ അപാകത സംഭവിച്ചത്. 6 സെ.മീ നീളത്തിലുള്ള ബിറ്റുകളാണ് ഉപയോഗിച്ചതെങ്കിൽ ആകെ ഉപയോഗിച്ച കമ്പിയുടെ ഭാരം 10.389 കി.ഗ്രാം മാത്രമേ വരികയുള്ളൂ. ഇത് പരിശോധിക്കേണ്ടതും അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ അധികമായി ബിൽ തയ്യാറാക്കിയത് പരിഹരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.17/30.01.2026)

**1-26 മരാമത്ത് ബിൽ - കരാറുകാരന് അർഹമായ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു-കരാറുകാരന് അധികം നൽകിയ 43,770 രൂപ തിരികെ ഈടാക്കണം**

| | |
|---|---|
| പ്രോജക്ട് നം/പേര് | 223/25,വിവിധ വാർഡുകളിൽ കിണർ റീചാർജിംഗ്-ജലസ്രോതസ്സുകളുടെ സംരക്ഷണം- പൊതുകിണറുകളുടെ നവീകരണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 18,82,173 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 18,11,701 (സെക്കന്റ് & ഫൈനൽ (മെഷേർഡ്) ബിൽ) |
| വൗച്ചർ നം/ തീയതി | **42401565/18.03.2025, 42401502/10.03.2025, 42401155/25.12.2024** |

| | |
|---|---|
| കരാറുകാരന്റെ പേര് | റിഡിസൺ എൻ ആർ |
| എസ്റ്റിമേറ്റ് നം/തീയതി | 27/AE/LSGD/VLK/ 23-24 തീ. 19.01.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

2023-24 സാമ്പത്തികവർഷം ആരംഭിച്ച ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ ഗ്രോസ് ബിൽ തുക 21,80,758 രൂപയും സ്റ്റാറ്റ്യൂട്ടറി റിക്കവറികൾക്കുശേഷം കരാറുകാരന് അനുവദിക്കേണ്ട നെറ്റ് ബിൽ തുക 20,87,084 രൂപയുമാണ്. ഈ ഗ്രോസ് തുക മൂന്ന് പാർട്ട് ബില്ലുകളായാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ഗ്രോസ് ബിൽ തുക | സ്റ്റാറ്റ്യൂട്ടറി റിക്കവറി | കരാറുകാരന് അർഹമായ നെറ്റ് ബിൽ തുക | റിമാർക്ക് |
|---|---|---|---|---|
| 1 | 4,12,827 | 22,742 | 3,90,085 | ഫസ്റ്റ് പാർട്ട് ബിൽ (2023-24) |
| 2 | 4,76,735 | 26,262 | 4,50,473 | സെക്കന്റ് പാർട്ട് ബിൽ |
| 3 | 12,91,196 | 43,770 | 12,47,426 | തേർഡ് & ഫൈനൽ ബിൽ |
| ആകെ | 21,80,758 | 92,774 | 20,87,984 | |

എന്നാൽ ഈ പ്രവൃത്തിക്കായി വിനിയോഗിച്ച തുകയുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ നാലു വൗച്ചറുകളിലായി ആകെ 22,24,528 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ഗ്രോസ് ബിൽ തുക | കരാറുകാരന് അനുവദിച്ച നെറ്റ് ബിൽ തുക | റിമാർക്ക് |
|---|---|---|---|---|
| 1 | 42301690/28.03.2024 | 4,12,827 | 3,90,085 | ഫസ്റ്റ് പാർട്ട് ബിൽ (2023-24) |
| 2 | **42401155/25.12.2024** | 4,76,735 | 4,50,473 | സെക്കന്റ് പാർട്ട് ബിൽ |

| | | | | |
|---|---|---|---|---|
| | | | | (2024-25) |
| 3 | **4240I502/10.03.2025** | 1,72,890 | 1,72,890 | തേർഡ് & ഫൈനൽ ബിൽ (പാർട്ട് പേമെന്റ്) |
| 4 | **4240I565/18.03.2025** | 11,62,076 | 11,18,306 | തേർഡ് & ഫൈനൽ ബിൽ (പാർട്ട് പേമെന്റ്) |
| | ആകെ | 22,24,528 | 21,31,754 | |

ഇതിൽ നിന്നും അർഹമായ തുകയേക്കാളും 43,770 രൂപ അധികം (21,31,754- 20,87,984) കരാറുകാരന് നല്കിയതായി കാണുന്നു. കരാറുകാരന് അർഹമായതിലുമധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8/ 29-01-2026).

## I-27 ഹെൽത്ത് ഗ്രാന്റ്- അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനകാര്യാലയത്തിന്റെ 16.07.2021-ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6– അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റെയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം സൂക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ആരോഗ്യമേഖലയുടെ ഗ്രാന്റ് വിനിയോഗം

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാ

ഗ്രാന്റ് വിനിയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 31.08.2022ലെ സ.ഉ.(സാ) 2132/2022/ത.സ്വ.ഭ.വ ഉത്തരവിൽ ഉൾപ്പെട്ട സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുന്നതിനാവശ്യമായ റീഏജന്റുകളും, ടെസ്റ്റ് കിറ്റുകളും ആവശ്യമായ മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും, ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

വേളൂക്കര ഗ്രാമപഞ്ചായത്തിലെ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 34,071 ആണ്. 18 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ വാർഡ് 12- ൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും താഴെപ്പറയുന്ന 4 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്.

| |
|---|
| ആരോഗ്യ ഉപകേന്ദ്രം, കല്ലംകുന്ന് |
| ആരോഗ്യ ഉപകേന്ദ്രം, അവിട്ടത്തൂർ |
| ആരോഗ്യ ഉപകേന്ദ്രം, പട്ടേപ്പാടം |
| ആരോഗ്യ ഉപകേന്ദ്രം, തൊമ്മാന |

ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഹെൽത്ത് ഗ്രാന്റ് സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | 2021-22 | 0 | 0 |
| 2 | 2022-23 | 2,64,733 | 41,160 |
| 3 | 2023-24 | 9,84,000 | 2,23,573 |
| 4 | 2024-25 | 4,11,000 | 6,68,615 |
| | ആകെ | 16,59,733 | 9,33,348 |

**ഹെൽത്ത് ഗ്രാന്റ് സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ**

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | 2021-22 | 0 | 0 |
| 2 | 2022-23 | 1,35,000 | 1,00,460 |
| 3 | 2023-24 | 4,08,000 | 1,48,890 |
| 4 | 2024-25 | 6,50,000 | 2,93,650 |
| | ആകെ | 11,93,000 | 5,43,000 |

**നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം**

| വർഷം | പ്രോജക്റ്റ് നമ്പറും പേരും | ചെലവ് തുക (₹) |
|---|---|---|
| 2022-23 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 41,160 |
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ | 100,460 |

| | | |
|---|---|---|
| | ഏർപ്പെടുത്തൽ | |
| 2023-24 | 202/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്പിൽ ഓവർ) | 34,540 |
| 2023-24 | 203/24, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) | 2,23,573 |
| 2023-24 | 233/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 1,14,350 |
| 2024-25 | 268/25, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) | 6,68,615 |
| 2024-25 | 267/25, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(സ്പിൽ ഓവർ) | 2,93,650 |
| | ആകെ | 14,76,348 |

2024-25 വരെ ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സ്പിൽ 3, സ്പിൽ 4, എന്നിവയിലായി 28,52,733 രൂപ ലഭ്യമായിട്ടും ആകെ 14,76,348 രൂപ മാത്രമേ പഞ്ചായത്തിന് ചെലവഴിക്കാനായുള്ളൂ. ആരോഗ്യ സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഹെൽത്ത് ഗ്രാന്റിൽ ശേഷിക്കുന്ന തുകയുൾപ്പെടെ വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## I-28 ജലജീവൻ മിഷൻ - അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, സംസ്ഥാന സർക്കാരിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം.37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ തല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

22.10.2021 ന് ഗ്രാമപഞ്ചായത്തും KWA-യും Implementation Support Agency– Youth Social Service Organisation (YSSO) ആയി ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട് (എഗ്രിമെന്റ് നമ്പർ-3/2021-22). കരാർ പ്രകാരമുള്ള ISA -യുടെ പ്രവർത്തനങ്ങൾ കരാർ തീയതി മുതൽ 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളോ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 11.10.2021 തീയതിയിലെ 1(5) തീരുമാനത്തിൽ വെള്ളറട ഗ്രാമപഞ്ചായത്ത് - ജലജീവൻ പദ്ധതി പ്രോജക്ട് റിപ്പോർട്ട് പ്രകാരം എസ്റ്റിമേറ്റ് തുക 30 കോടി 40 ലക്ഷം രൂപയാണെന്നും ഇതിന്റെ 15% തുക 4 കോടി 56 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി ഒടുക്കേണ്ടതുണ്ടെന്നും ബോധ്യപ്പെടുത്തി കാണുന്നു. പദ്ധതി വിഹിതം ഒടുക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ലാത്തതിനാൽ ടി പദ്ധതിയ്ക്കായി സർക്കാർ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ഒരുമിച്ചോ ഗഡുക്കളായോ തുക അടയ്ക്കുവാൻ ഭരണസമിതി തീരുമാനമെടുത്തിരിക്കുന്നു. തദ്ദേശ സ്ഥാപന വിഹിതം , ഗുണഭോക്തൃ വിഹിതം എന്നിവ നൽകുന്നതിനായി പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020-ലെ സ.ഉ.(സാ)നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിനാവശ്യമായ തുക അനുവദിച്ച് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡുകൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് RoW SUGAMA പോർട്ടൽ വഴി KWA അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 123.30 KM നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതായും 4100ഹൗസ് ഹോൾഡ് കണക്ഷനുകൾ നൽകിയതായും മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.2/22.01.2026)

## ഭാഗം -2

## വരവ്-വ്യയങ്ങളിലെ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം നൽകിയ 15,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ- 126/25, മെറിറ്റോറിയസ് സ്കോളർഷിപ്പ് എസ്.ടി

ഫണ്ടിനം- ജില്ലാപഞ്ചായത്ത്

പദ്ധതി അടങ്കൽ- 30,000

പദ്ധതി ചെലവ്- 30,000

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

വൗച്ചർ നമ്പർ- 42401963/20.03.2025

ഡിപ്ലോമ ഇൻ ഫാർമസി ഇൻറഗ്രേറ്റഡ് കോഴ്സിന് പഠിക്കുന്ന റിൻജു പി.ബി എന്ന വിദ്യാർത്ഥിയ്ക്ക് മേൽ പ്രോജക്ടിൽ നിന്നും 30,000/- രൂപ നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022 ഖണ്ഡിക 7.2.4 അനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികൾക്കാണ് 30,000 രൂപയ്ക്ക് അർഹതയുള്ളത്. ഡിപ്ലോമ ഇൻ ഫാർമസി ഇൻറഗ്രേറ്റഡ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 15,000 രൂപയ്ക്കാണ് അർഹതയുള്ളത്. അധികം തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം-3/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 മരാമത്ത് ബിൽ - കരാറുകാരന് അർഹമായ തുകയെക്കാൾ കൂടുതൽ തുക അനുവദിച്ചുകരാറുകാരന് അധികം നൽകിയ 43,770 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം/പേര് | 223/25, വിവിധ വാർഡുകളിൽ കിണർ റീചാർജിംഗ്-ജലസംഭരണികളുടെ സംരക്ഷണം- പൊതുകിണറുകളുടെ നവീകരണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 18,82,373 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 18,11,701 (സെക്കന്റ് & തേർഡ് (ഫൈനൽ) ബിൽ) |
| വൗച്ചർ നം/ തിയതി | **42401565/18.03.2025, 42401502/10.03.2025, 4240155/25.12.2024** |
| കരാറുകാരന്റെ പേര് | റിഡ്സൺ പുൽ ആർ |
| എഗ്രിമെന്റ് നം/തിയതി | 27/AE/LSGD/VLK/ 23-24 തീ. 19.01.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

2023-24 സാമ്പത്തികവർഷം ആരംഭിച്ച ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ ഗ്രോസ് ബിൽ തുക 21,80,758 രൂപയും സ്റ്റാറ്റ്യൂട്ടറി റിക്കവറികൾക്കുശേഷം കരാറുകാരന് അനുവദിക്കേണ്ട നെറ്റ് ബിൽ തുക 20,87,984 രൂപയുമാണ്. ഈ ഗ്രോസ് തുക മൂന്ന് പാർട്ട് ബില്ലുകളായാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ഗ്രോസ് ബിൽ തുക | സ്റ്റാറ്റ്യൂട്ടറി റിക്കവറി | കരാറുകാരന് അർഹമായ നെറ്റ് ബിൽ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 4,12,827 | 22,742 | 3,90,085 | ഫസ്റ്റ് പാർട്ട് ബിൽ (2023-24) |

| | | | | |
|---|---|---|---|---|
| 2 | 4,76,735 | 26,262 | 4,50,473 | സെക്കന്റ് പാർട്ട് ബിൽ |
| 3 | 12,91,196 | 43,770 | 12,47,426 | തേർഡ് & ഫൈനൽ ബിൽ |
| ആകെ | 21,80,758 | 92,774 | 20,87,984 | |

എന്നാൽ ഈ പ്രവൃത്തിക്കായി വിനിയോഗിച്ച തുകയുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ നാല് വൗച്ചറുകളിലായി ആകെ 22,24,528 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ഗ്രോസ് ബിൽ തുക | കരാറുകാരന് അനുവദിച്ച നെറ്റ് ബിൽ തുക | റിമാർക്ക് |
|---|---|---|---|---|
| 1 | 42301690/28.03.2024 | 4,12,827 | 3,90,085 | ഫസ്റ്റ് പാർട്ട് ബിൽ (2023-24) |
| 2 | **42401155/25.12.2024** | 4,76,735 | 4,50,473 | സെക്കന്റ് പാർട്ട് ബിൽ (2024-25) |
| 3 | **42401502/10.03.2025** | 1,72,890 | 1,72,890 | തേർഡ് & ഫൈനൽ ബിൽ (പാർട്ട് പേമെന്റ്) |
| 4 | **42401565/18.03.2025** | 11,62,076 | 11,18,306 | തേർഡ് & ഫൈനൽ ബിൽ (പാർട്ട് പേമെന്റ് ) |
| ആകെ | | 22,24,528 | 21,31,754 | |

ഇതിൽ നിന്നും അർഹമായ തുകയേക്കാളും 43,770 രൂപ അധികം (21,31,754- 20,87,984) കരാറുകാരന് നല്കിയതായി കാണുന്നു. കരാറുകാരന് അർഹമായതിലധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8/ 29-01-2026).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - അടവ് വിവരങ്ങൾ

1. മെഡിസെപ് പ്രീമിയം അടവ് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | മെഡിസെപ്പ് പ്രീമിയം | അടക്കാൻ ബാക്കി | റിമാർക്ക് |
|---|---|---|---|---|

| ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തുക | ഇനത്തിൽ അടച്ച തുക | നിൽക്കുന്ന തുക | |
|---|---|---|---|---|
| 13 | 62,000 | 62,000 | 0 | 10 ജീവനക്കാർ X 4മാസം X 500 രൂപ =20,000 12 ജീവനക്കാർ X 4 മാസം X 500 രൂപ =24,000, 11 ജീവനക്കാർ X 2മാസം X 500 രൂപ =11,000, 14 ജീവനക്കാർ X 1മാസം X 500 രൂപ =7,000 ആകെ 62,000 |

2. മെഡിസെപ് പ്രീമിയം അടവ് (01-04-2024 മുതൽ 30-06-2024 വരെ സർവീസിൽ പ്രവേശിച്ചിട്ടുള്ള പുതിയ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ [illegible] 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടച്ച തുക | അടക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 1. സിബി കെ [illegible] കുര്യൻ | 20/05/2024 | 4,000 | 4,000 | കുടിശ്ശിക ഈടാക്കിയില്ല | നിലവിൽ [illegible] പഞ്ചായത്തിൽ ജോലി ചെയ്യുന്നു. |

3. മെഡിസെപ് പ്രീമിയം അടവ് (01.07.2024-ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള പുതിയ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടച്ച തുക | അടക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ഇല്ല | | | | |

4. മെഡിസെപ് പ്രീമിയം അടവ് (01.08.2024 മുതൽ 31.03.2025 വരെ സർവീസിൽ പ്രവേശിച്ചിട്ടുള്ള പുതിയ ജീവനക്കാർ)

| ജീവനക്കാരുടെ പേര് | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടക്കിയ തുക | അടക്കാൻ ബാക്കി നിൽക്കുന്ന തുക * | റിമാർക്ക് |
|---|---|---|---|---|---|
| 1. അജിറാലി ഓഫീസ് അറ്റൻഡന്റ് | 26/10/2024 | 1,500 | 1,500 | കുടിശ്ശിക ഈടാക്കിയിട്ടില്ല | നിലവിൽ മാറ്റ ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്യുന്നു. |

*08.08.2024 തീയതിയിലെ 49/2024/ധന നമ്പർ പരിപത്രം പ്രകാരം, 2024 ജൂലൈ മാസം 1-ാം തീയതി (മൂന്നാം പോളിസി വർഷം) മുതൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ, 23.06.2022 തീയതിയിലെ 70/2022/ധന നമ്പർ സർക്കാർ ഉത്തരവിലെ Annexure-2 ൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാപ്രക്രിയകൾക്ക് അഥവാ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic Package (CP) ആനുകൂല്യം തങ്ങൾക്കും ആശ്രിതർക്കും ആവശ്യമില്ലായെന്ന് രേഖാമൂലം എഴുതി നൽകുന്നവരെ ഒന്ന്, രണ്ട് പോളിസി വർഷങ്ങളിലെ കുടിശ്ശിക പ്രീമിയം അടക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

2024-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി സിനി കെ എസ്, അജിറാലി എന്നിവർക്ക് മേൽ പ്രകാരമുള്ള പോളിസി ആനുകൂല്യം ആവശ്യമില്ല എന്ന് രേഖാമൂലം എഴുതി നൽകുന്ന പക്ഷം ജൂലൈ 2024 മാസം മുതലുള്ള മെഡിസെപ് പ്രീമിയം ഇനത്തിലെ കുടിശ്ശിക ഈടാക്കേണ്ടതില്ലാത്തതും രേഖാമൂലം എഴുതി നൽകാത്ത പക്ഷം കുടിശ്ശിക ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈവർഷം സംയുക്ത പ്രോജക്റ്റ് ലഭിച്ച തുകയിൽ നീക്കിയിരിപ്പില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | ഈവർഷം ലഭിച്ച വായ്പ തുക | മുൻവർഷത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | ഈവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC LIFE LOAN | | 48,20,000 | 28,55,543 | 76,75,543 | 15,30,310 | | 61,45,233 |

| | | | | | | | |
|---|---|---|---|---|---|---|---|
| HUDCO LOAN | | 54,98,256 | 25,26,230 | 80,24,486 | 3,20,000 | | 77,04,486 |

## 4-6 ജാമ്യനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന ജാമ്യ നിക്ഷേപം | 20,000 | |
| 2 | തദ്വർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 20,000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന ജാമ്യനിക്ഷേപം | 20,000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന ജാമ്യ നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | [illegible] സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എക്കൗണ്ട് നം. 119-11 | 20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തദ്വർഷം ഒന്നുമില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | - സർക്കാരിലേക്കും ബോർഡുകളിലേക്കും റിപ്പോർട്ട് ചെയ്തിട്ടുള്ള ക്രമക്കേടുകളും അപാകതകളും | 2001-02 | അദ്ധ്യായം 10 | ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കിയ സമഗ്ര കുടിവെള്ള പദ്ധതി അഗ്രിഫെയർ എന്നിവ നടപ്പിലാക്കിയപ്പോൾ ഉണ്ടായ അപാകതകൾ | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| 2000-01 | 65(1), 65(2), 65(3), 67 | 2003-04 | 3.8(4) | മുൻകൂർ നൽകിയ മരാമത്ത് പണികൾ നടത്തിയിട്ടില്ല | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| 2000-01 | 67, 65(1) | 2003-04 | 3.8.11 | ഒരു പരാമർശങ്ങൾ ഒരു തോട്ടത്തിൽ - അഡ്വാൻസ് വാങ്ങി പണി നടത്തിയിട്ടില്ല | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| 2003-04 | 3-7 | 2006-07 | 3.53.3(3) | കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നൽകി | പരാമർശം ഒഴിവാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | സമിതി ശുപാർശ ചെയ്തു |
| | പ്രവർത്തനാവലോകനം | 2013-14 | 5.1. അനുബന്ധം -7 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5(4) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും - തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5 (7) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും - മണ്ണ് ജലസംരക്ഷണ പ്രവർത്തികൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നീക്കിവെക്കുന്ന തുകകൾ പരിമിതം | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5 (8) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും -തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള വിതരണവും- ഗ്രാൻഡലകപ്പിന്റെ തുകനിരസിച്ച് അവഗണിച്ചു. പദ്ധതിപ്രകാരം പാറായി- നടമ്മൽ -പിറവളവ് പുത്തംപുറം കുടിവെള്ള പദ്ധതി | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5 (13) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും - കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യത | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2(1) | 2014-15 | 2(1) | തൊഴിൽനികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2(4) | 2015-16 | 2(1) | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ബാധകമല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

<u>(ഏ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| മുന്നിരിപ്പ് | 3,08,84,630 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,64,95,834 |
| ആകെ | 9,73,80,464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,40,85,472 |
| നീക്കിയിരിപ്പ് | 3,32,94,992 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58,770 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,31,840 |

*ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടം | നിർവ്വഹണോദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,000 | ശ്രീമതി. ബിന്ദു കെ കെ, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്), വെള്ളറട പഞ്ചായത്ത് |
| 3-2 | 43,770 | ശ്രീമതി. ലേഖ. ഇ. ആനന്ദൻ, അസിസ്റ്റന്റ് എഞ്ചിനീയർ, വെള്ളറട പഞ്ചായത്ത്. |
| ആകെ | 58,770 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സം | നിർവ്വഹണോദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 89,040 | ശ്രീ. ജോസ് എം എഫ്, സെക്രട്ടറി, വെള്ളറട പഞ്ചായത്ത്. |
| | | |

| | | |
|---|---|---|
| 1-18 | 10,42,800 | ശ്രീ. ജോസ് എം എഫ്, സെക്രട്ടറി, വേളൂക്കര പഞ്ചായത്ത് |
| ആകെ | 11,31,840 | |

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നികത്തപ്പെടാത്തതിനാൽ തുടർന്ന് അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ദുർവ്യയത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിന്ദു കെ. കെ, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്), വേളൂക്കര പഞ്ചായത്ത് | വട്ടക്കാട്, പി ഒ അരിപ്പാലം-680688, ഫോൺ നം.9400666657, ഇ-മെയിൽ- Bindukarayik.K@Gmail.Com |
| ശ്രീമതി. ലൈഷ ഇ. ആന്റണി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചാലക്കുടി നഗരസഭ | മഞ്ഞനാടൻ ഹൗസ്, അവിട്ടത്തൂർ, ഇരിങ്ങാലക്കുട -680683, ഫോൺ നം.9633740037, ഇ-മെയിൽ- Laishajobin456@Gmail.Com |
| ശ്രീ. ജോസ് എം എഫ്, സെക്രട്ടറി, വേളൂക്കര പഞ്ചായത്ത് | വിരമിച്ചു | മാത്തപ്പറമ്പിൽ ഹൗസ്, പൊയ്യ പി.ഒ. - 680733, ഫോൺ നം.9947391051, ഇ-മെയിൽ- Mfjose1969@Gmail.Com |

## <u>4-II തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ</u>

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാകാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാകാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1999-00 | LFT9-478/01 Dtd.18.05.01/ 06.07.01 | 8 | 26 | CH |
| | | | | 33(2), 34, 42, 45(1,2), 46(1), 46(2), 47 | SCH |
| 2 | 2000-01 | LFT9-898/02 Dtd.23.09. 2002 | 9 | 29(A,B), 30, 32, 36, 37, 59, 63 | SCH |
| | | | | 65(1,2,3), 67 | CAR |
| 3 | 2001-02 പദ്ധതി വിഹിതം | LFT9-370/03 Dtd.13.11.03/ 16.02.04 | 2 | 7 | ഒഴിവാക്കപ്പ് |
| | | | | 11 | SCH |
| 4 | 2001-02 [illegible] ഫണ്ട് | LFT9-762/04 Dtd.07.03.05/ 12.08.05 | 5 | 2-1, 2-2, 3-1, 3-2, 3-5 | ഒഴിവാക്കപ്പ് |
| 5 | 2002-03 | LFT9-763/04 Dtd.07.03.05/ 12.08.05 | 1 | 3-5 | CAR |
| 6 | 2003-04 | LFT9-447/05 Dtd.11.01.06/ 29.05.06 | 3 | 3-7 | CAR |
| | | | | 3-14 | SCH |
| | | | | 3-17 (1,2,3) | ഒഴിവാക്കപ്പ് |
| 7 | 2006-07 | LFT9-638/10 Dtd.15.12.10 | 2 | 3-1, 3-2 | പരാമർശം നിലനിൽക്കുന്നു |
| 8 | 2008-09 | LFT Pt-577/12 Dtd.03.09.12/ 28.11.12 | 3 | 2-1, 3-7 | ഒഴിവാക്കപ്പ് |
| | | | | 3-1 | സർക്കാർ സാധൂകരണം |
| 9 | 2009-10 | LFT Pt-578/12 Dtd.04.09.12/ 28.11.12 | 6 | 2-1, 3-1 | സർക്കാർ സാധൂകരണം |
| | | | | 3-3 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-4, 3-5, 3-6 | ഒഴിവാക്കപ്പ് |

| | | | | | |
|---|---|---|---|---|---|
| 10 | 2010-11 | LFT P1-579/12 Dtd.04.09.12/ 28.11.12 | 9 | 3-1, 3-2, 3-3, 3-5, 3-9 | ഒത്തുതീർപ്പ് |
| | | | | 3-6, 3-12 | സർക്കാർ സാധൂകരണം |
| | | | | 3-7, 3-10 | പരാമർശം നിലനിൽക്കുന്നു |
| 11 | 2011-12 | LFT P1-894/13 Dtd.02.01.14 | 11 | 2-3, 2-4(E) | പരാമർശം നിലനിൽക്കുന്നു |
| | | | | 3-3(1,2) | സർക്കാർ സാധൂകരണം |
| | | | | 3-6, 3-7b, 3-15, 3-8(B), 3-10, 3-13, 3-14, 3-16 | പരാമർശം നിലനിൽക്കുന്നു |
| 12 | 2012-13 | LFT P1-1027/14 Dtd.04.12.14/ 01.04.15 | 8 | 3-3 | സർക്കാർ സാധൂകരണം |
| | | | | 3-4(4,5,6,7,8), 3-6(A(3,4), 3-7, 3-9, 3-10, 3-11, 3-12 | പരാമർശം നിലനിൽക്കുന്നു |
| 13 | 2013-14 | KSATSR-P1-194/16 Dtd.18.02.16/ 11.03.16 | 17 | 2-2, 2-6, 2-11, 2-12(2), 2-14, 3-9, 3-10, 3-8, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-4 | സർക്കാർ സാധൂകരണം |
| 14 | 2014-15 | KSATSR-P1-1226/16 Dtd.24.07.16/ 30.07.16 | 8 | 2-1 | CAR |
| | | | | 3-1, 3-6, 3-8, 3-9, 3-2, 3-4 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-3 | സർക്കാർ സാധൂകരണം |
| 15 | 2015-16 | KSATSR-P1-2148/16 Dtd.31.01.17/ 13.02.17 | 3 | 2-4 | CAR |

| | | | | | |
|---|---|---|---|---|---|
| | | | | 3-17 | [illegible] |
| | | | | 3-18 | സർക്കാർ സാധൂകരണം |
| 16 | 2016-17 | KSATSR-P1-1518/17 Dtd.30.11.17/ 16.12.17 | 4 | 3-3, 3-8(1), 3-12, 3-13 | പരാമർശം നിലനിൽക്കുന്നു |
| 17 | 2017-18 | KSATSR-P1-1777/18 Dtd.16.01.19 | 7 | 3-1 | സർക്കാർ സാധൂകരണം |
| | | | | 2-4(1,2,3), 3-2, 3-3(1), 3-7, 3-16, 3-17 | പരാമർശം നിലനിൽക്കുന്നു |
| 18 | 2018-19 | KSA TSR P1/710/2020 തീ 10.8.2020 | 7 | 1-12, 1-15, 1-17, 1-19,1-20, 1-24, 1-27 (3-3), | |
| 19 | 2019-20 | KSA TSR P15/1073/2021 തീ 27.11.2021 | 24 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-24,1-25, 1-29,1-31, 1-32, 1-33, 1-34,1- 39, 1-42,1-43, 1-45, 1-46,1-47 | |
| 20 | 2020-21 | KSA TSR P15/1135/2021 തീ 12.1.2022 | 21 | 1-19,1-20, 1-22, 1-24,1-26, 1-29, 1-30, 1-32, 1-33, 1-34,1-36, 1-38,1-40, 1-42(3-2), 1-44,1-45, 1-46, 1-47, 1-52, 1-53, 1-54, | |
| 22 | 2021-22 | KSA.TSR.P15/124/2023 Dtd 04/04/2023 | 22 | 1-10 (10,11, 12,14) 1-11 ,1-12,1-13,1-14,1-15 1-16,1-17,1-18, 1-21, 1-23,1-24,1-25, | |

| | | | | | |
|---|---|---|---|---|---|
| | | | | I-26,I-27,I-28, I-29,I-32 I-33,I-34, I-36 | |
| 23 | 2022-23 | KSA.TSR.P15-1968/23 Dtd.23.12.2023 | 15 | I-1,I-9,I-10,I-11,I-12,I-13,I-14, I-15, I-16, I-17, I-18, I-19, I-20,I-21 (3-I),I-22 | |
| 24 | 2023-24 | KSA.TSR.P15-1298/24 Dtd.22.10.2024 | 20 | I-1,I-9,I-10,I-11,I-12, I-13,I-14, I-15, I-16, I-17, I-18, I-19, I-21,I-22,I-23,I-25(3-I), I-26,I-27,I-28,I-29 | |
| | ആകെ | | 215 | | |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(3) dated 19-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Velookkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Velookkara Grama Panchayat as on 31-03-2025

**Date: 07/03/2026**

**Deputy Director**
**District Office Thrissur**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Velookkara Grama Panchayat for the Year 2024-2025 .

**1.Major Observations**

**Payment Voucher Misclassification**

Misclassifications involving a total of Rs 1,96,298 which were expenditures from the ownfund and Development Fund General for asset creation, were incorrectly recorded as revenue expenditures. This resulted in discrepancies in the Income & Expenditure statement and adversely affected the financial position of the institution as depicted in the Balance Sheet.The details are as follows:

| Sl No | Project No, Name | Voucher number / Date | Amount | Booked Revenue Head |
|---|---|---|---|---|
| 1 | 246/25 PURCHASE CHARGE OF COMPUTER AND PRINTER TO PANCHAYAT OFFICE | **42400448** /02.08.2024 | 1,36,898 | 230800099 Other Operating & Maintenance Expenses |
| 2 | 113 Ward 6 Purchase of play equipment for childrens park | **4240090** /06.03.2025 | 60,000 | 25800208 Arts, Culture and Sports Development, Youth Welfare - Infrastructure - Children's Park |
| | TOTAL : | | 1,96,898 | |

2.Other Observations

**a. Comments relating to Income & Expenditure account.**

Nil

**b. Comments relating to Balance Sheet**

1. The balance of specific purpose grants as per Schedule B-4 does not match the balance of the bank accounts for these funds as per Schedule B-17. Details are provided below.

| | Balance Sheet Schedule B-4 | | | Balance Sheet Schedule B-17 | | |
|---|---|---|---|---|---|---|
| Sl No | Account Head | Item | Amount | Account Head | Bank Account | Balance as on 31.03.2025 |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 20,12,229 | 450290002 | ICICI CFC (028705002238) | 82,33,667 |
| | 320200103 | Development Fund - Central Finance Commission Grant Tied fund | 59,85,630<br>TOTAL: 79,97,859 | | | |

**c. Comments relating to Receipt & Payment**

Nil

**d. Comments relating to Cashflow statement**

As per Cash Flow statement, the net increase/decrease in cash and cash equivalents recorded for the 2024-25 period is Rs. 24,10,862. In the same statement the ***Net cash generated by Operating + Investing + Financing Activities*** for the 2024-25 period is recorded as Rs - 35,64,934 . According to accepted accounting standards, the above two amounts should tally, however the two amounts in the statement submitted by the Panchayat do not match. Furthermore, the arithmetic computation of the amount shown under ***Net Cash Generated by Operating + Investing + Financing Activities*** is found to be incorrect.

**e. Comments relating to Ratios**

The mandatory financial statements as prescribed in accounting rules, such as key ratios, are not included in the annual financial statement.

**f. Comments relating to Notes to Accounts**

Notes to the accounts are not included within the financial statements.

**g. Comments relating to Receipt Vouchers**

Nil

**h. Comments relating to Payment Vouchers**

Nil.

**i. Comments relating to Journal Vouchers**

1. Delays in recording timely and precise demand entries for accrual revenues such as property tax, Licence fees, Rent from buildings and Profesion tax of institution, Professionals & traders.

2. Accruals recorded in the liability head is not adjusted to the revenue head. Details are below.

| Auction details | Auction amount | Head code | Amount | Voucher no & date |
|---|---|---|---|---|
| auction of NADAVARAMBU T V CENTRE SCRAP | 4000 | 340200062 Auction Deposit | 1,300 | 24000-40/0/13.08.2025 |

**j. Comments relating to Contra Vouchers**

Nil

**k. Comments relating to Bank Reconciliation Statement**

As per the reconciliation statement as on 31.03.2025, discrepancies have been observed between the passbook balances and the actual passbook entries of the following bank account.

| Bank Acount | Passbook Balance as per Reconciliation Statement | Actual Passbook Balance |
|---|---|---|
| SBI Covid Donation (40199090620) | 8825 | 0 |

**l. Comments relating to Demand, Collection and Balance Register**

1. The DCB Statement for Property Tax & Property Tax Arrears covering both residential and non-residential properties, does not align with the accounts.

1.1 Current

Residential

| | Collection | advance adjusted | Balance |
|---|---|---|---|
| As per Register | 4053320 | 9754 | 9181 |
| As per Accounts | 4140064 | 7785 | 9854 |

Non-Residential

| | Collection | advance adjusted | Balance |
|---|---|---|---|
| As per Register | 2865763 | 36969 | 65409 |
| As Per Accounts | 2850000 | 24538 | 65481 |

**1.2 Arrear**

Residential

| | Demand | Balance |
|---|---|---|
| As per Register | 61344 | 20937 |
| As per Accounts | 68052 | 20946 |

Non-Residential

| | Demand | Balance |
|---|---|---|
| As per Register | 280568 | 6791 |
| As per Accounts | 280886 | 6793 |

2.The amount received in advance under the property tax item shown under the heading Other Liabilities in Balance Sheet Schedule B-9, and the amount remaining to be adjusted as of 31.03.2025, do not match the amount entered under this item in the Sanchaya software. Details are given below

| Sl No | Head Code | Amount as per Balance Sheet Schedule B-9 | Amount as per Sanchaya Software |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 15888 | 450553 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 16432 | 82124 |

3. Under the heading Other Liabilities in Balance Sheet Schedule B-9, the amount that has been received in advance for the incomes are listed below. However, the details of these advance amount has not been recorded in the relevant demand register or a separate register, nor has it been reconciled and certified in accordance with the balance sheet.

| Sl No | Income | Advance Head | Advance as on 31.03.2025 |
|---|---|---|---|
| 1 | Profession tax | 350410102-Advance Collection Of Revenues- Profession Tax /Inst/Trad/Prof | 4,23500 |
| 3 | License Fee | 350410301 Advance Collection Of Revenues - License Fees For Factories, Traders, Enterpreneurs and Other Services | 2,23,600 |

**m. Comments relating to Asset Register**

The asset value presented in the balance sheet cannot be traced back to the Asset Register due to the incompatible design of the current asset register system.

**n. Comments relating to Inventory and other registers**

1. The income registers produced before the audit were not reconciled periodically with the corresponding ledgers.
2. Stock Register is not maintained as per the Kerala Panchayat Raj (Accounts) Rules, Rule 58(4)(a).
3. Closing balance of Beneficiary contribution as per appropriation control register does not match with annual financial statement.
4. Since the Deposit Register and Advance Register have not been fully written up, certified, and properly maintained,

It was not possible to verify the accuracy of the entries relating to opening balance, receipts, expenditure, and closing balance under the heads 460100999, 460500204, and 340109908.

o. According to Article 282 of the Kerala Financial Code Volume I, if there are deposits that have remained unclaimed for more than three years after period for refund, they should be verified and ensured, and then transferred to the own fund of the institution. However, this procedure does not appear to be followed. The details are as follows.

| Sl No. | Account head | Deposit | date | balance as on 31.03.2025 |
|---|---|---|---|---|
| 1 | 340900303 | election deposit | 12.11.2020 | 3750 |

DEPUTY DIRECTOR

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

## Velookkara Grama Panchayat
## BALANCE SHEET

For the period from 01-April-2024 to 31-March-2025

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 7005498.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 162825.00 |
| 312000000 | Reserves | B-3 | 80318968.00 |
| | **Total Reserve & Surplus** | | **87487291.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12659485.00 |
| | **Total Grants, Contributions for Specific Purposes** | | **12659485.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 13849719.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **13849719.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1795003.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2036520.70 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3831523.70** |
| | **TOTAL LIABILITIES** | | **117828019.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 7448423.00 |
| 412000000 | Capital Work in Progress | B-11(b) | 721449.00 |
| 413000000 | Annual Plan - Capital Expenses (Productive Sector) | B11-(c) | 1824252.00 |
| 414000000 | Annual Plan - Capital Expenses (Service Sector) | B11-(d) | 24502778.00 |
| 415000000 | Annual Plan - Capital Expenses (Infrastructure Sector) | B11-(e) | 106960197.00 |
| 416000000 | Accumulated Depreciation | B-11(a) | -73952896.00 |
| | **Total Fixed Assets** | | **67504203.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20000.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **20000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9463894.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13294992.00 |
| 460000000 | Loans, Advances and Deposits | B-18 | 7544930.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **30303816.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **117820019.00** |

**Velookkara Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 9934411.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 520604.00 |
| 140000000 | Fee & User Charges | I-4 | 4027038.00 |
| 150000000 | Sale & Hire Charges | I-5 | 236151.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 202622023.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 742775.00 |
| 180000000 | Other Income | I-9 | 30110.00 |
| 190000000 | Prior Period Income | I-19 | 20054.00 |
| | **Total Income** | | **217917712.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12308180.00 |
| 220000000 | Administrative Expenses | I-11 | 1885899.00 |
| 230000000 | Operations & Maintenance | I-12 | 5974503.00 |
| 240000000 | Interest & Finance Charges | I-13 | 2925.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13881853.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 53123828.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 52842071.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 18880457.00 |
| 254000000 | Expenditure of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 72949900.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1510311.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 14645317.00 |
| | **Total Expenditure** | | **225706334.00** |
| | Gross Surplus / Deficit of income over Expenditure | | -7788622.00 |
| | Gross Surplus / Deficit of income over Expenditure | | -8298952.00 |
| 280000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 510184.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | -510330.00 |

# Velookkara Grama Panchayat

## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 30787302.00 |
| Cash | Cash | RP-40(a) | 97268.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2276280.00 |
| 130000000 | Rental income from Panchayat Properties | RP-3 | 48640.00 |
| 140000000 | Fees & User Charges | RP-4 | 3768350.00 |
| 150000000 | Sale & Hire Charges | RP-5 | 225764.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19233940.00 |
| 171000000 | Interest Earned | RP-9 | 742775.00 |
| 190000000 | Prior Period Income | RP-11 | 19291.00 |
| 311000000 | Earmarked Funds | RP-28 | 13396.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19470883.00 |
| 431100000 | Sundry Debtors (Receivables) | RP-45 | 8857278.00 |
| 460000000 | Loans, Advances and Deposits | RP-49 | 79086.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 17937.00 |
| 330000000 | Secured Loans | RP-31 | 9998256.00 |
| 340000000 | Deposits Received | RP-33 | 501849.00 |
| 350000000 | Other Liabilities | RP-35 | 1444826.00 |
| | **Grand total** | | **97388464.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 37188.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24520.00 |
| 431100000 | Sundry Debtors (Receivables) | RP-45 | 9352126.00 |
| 460000000 | Loans, Advances and Deposits | RP-49 | 3102474.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 138017.00 |
| 350000000 | Other Liabilities | RP-35 | 51531155.00 |
| | **Closing Balance** | | |

Page No : 1

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 13216821.00 |
| Cash | Cash | RP-40(b) | 78171.00 |
| | **Grand Total** | | **97388464.00** |



**DEPUTY DIRECTOR**